ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM | പ്രധാനവാർത്തകൾ | DATE: 27.04.2025

1. ഭീകരവാദ ഭീഷണിയെ ഉന്മൂലനം ചെയ്യാൻ ഇന്ത്യ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി, ബഹിരാകാശരംഗത്തെ ആഗോള ശക്തിയായി ഇന്ത്യ മാറിയെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

2. പഹൽഗാം ഭീകരാക്രമണ കേസ് അന്വേഷണം ഊർജ്ജിതമാക്കി ദേശീയ അന്വേഷണ ഏജൻസി.

3. സഹകരണ സംഘങ്ങൾ സാമ്പത്തിക സേവനങ്ങൾക്കപ്പുറം സാമൂഹ്യ പുരോഗതിക്ക് പ്രതിജ്ഞാബദ്ധമെന്ന് മന്ത്രി വി ശിവൻകുട്ടി.

4. ബഹിരാകാശ ശാസ്ത്രജ്ഞൻ ഡോ. കെ. കസ്തൂരിരംഗന് രാജ്യത്തിന്റെ അന്ത്യാഞ്ജലി; സംസ്ക്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ.

5. ത്രിരാഷ്ട്ര വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് ഒമ്പത് വിക്കറ്റ് ജയം. ഐപിഎൽ ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് 216 റൺസ് വിജയലക്ഷ്യം.

***************************

RNU TVPM

## മൻ കി ബാത്ത് - പഹൽഗാം (ഇൻട്രോ)

ഭീകരവാദ ഭീഷണിയെ ഉന്മൂലനം ചെയ്യാൻ ഇന്ത്യ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പഹൽഗാം ഭീകരാക്രമണത്തിലെ കുറ്റവാളികൾക്കും ഗൂഢാലോചനക്കാർക്കും ശക്തമായ മറുപടി നൽകുമെന്നും പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 121-ാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഭീകരതയ്‌ക്കെതിരായ പോരാട്ടത്തിൽ ലോകം മുഴുവൻ ഇന്ത്യയ്‌ക്കൊപ്പമുണ്ടെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*************************

## മൻ കി ബാത്ത്- ബഹിരാകാശം+കസ്തൂരി രംഗൻ

ബഹിരാകാശത്തെ ആഗോള ശക്തിയായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകത്തിലെ ഏറ്റവും ചെലവ് കുറഞ്ഞതും വിജയകരവുമായ ബഹിരാകാശ പദ്ധതിക്ക് രാജ്യം നേതൃത്വം നൽകുന്നുവെന്നും ആര്യഭട്ട ഉപഗ്രഹം വിക്ഷേപിച്ചതിന്റെ 50-ാം വാർഷികത്തെ അനുസ്മരിച്ച് പ്രധാനമന്ത്രി പറഞ്ഞു. ഇക്കാലത്ത് സ്റ്റാർട്ടപ്പുകളുടെ പ്രിയ മേഖലയും ബഹിരാകാശരംഗമാണെന്ന് ശ്രീ മോദി പറഞ്ഞു. ഭാരതത്തിന്റെ ശാസ്ത്രം, വിദ്യാഭ്യാസം, ബഹിരാകാശ പദ്ധതി എന്നിവയെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകുന്നതിൽ ഡോ. കസ്തൂരിരംഗന്റെ സംഭാവനകൾ വിലമതിക്കാനാകാത്തതാണെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു.

*************************

## മൻ കി ബാത്ത്- മ്യാൻമാർ+ സഹായം

ദുരന്തങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, സമയബന്ധിതമായ വിവരങ്ങൾ എന്നിവ നൽകുന്ന സചേത് ആപ്പ്, ദുരന്ത നിവാരണത്തിലെ ഇന്ത്യയുടെ ശ്രമങ്ങളെ ഗണ്യമായി

RNU TVPM

ശക്തിപ്പെടുത്തുമെന്ന് ശ്രീ നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയുടെ ധാർമ്മികത, മാനുഷിക മൂല്യങ്ങളിൽ വേരൂന്നിയതാണെന്നും മ്യാൻമറിലെ ഭൂകമ്പബാധിത പ്രദേശങ്ങളിൽ നടത്തിയ ഓപ്പറേഷൻ ബ്രഹ്മയിൽ ഇത് പ്രതിഫലിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അഫ്ഗാനിസ്ഥാനിലേക്കും നേപ്പാളിലേക്കും മരുന്നുകളും വാക്സിനുകളും നൽകി മാനവരാശിയെ സേവിക്കുന്ന കാര്യത്തിൽ രാജ്യം മുൻപന്തിയിലാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*************************

## മൻ കി ബാത്ത്-വയനാട് (ഇൻട്രോ)

'മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ടെന്നതിന് ഉത്തമ ഉദാഹരണങ്ങളിലൊന്നായി വയനാട് ജില്ലയിലെ കുങ്കുമപ്പൂ കൃഷിയെ മൻ കി ബാത്തിൽ പ്രധാനമന്ത്രി എടുത്തുകാട്ടി. വയലിലോ മണ്ണിലോ അല്ലാതെ എയറോപോണിക്സ് രീതിയിൽ വയനാട്ടിൽ കുങ്കുമപ്പൂവ് കൃഷി ചെയ്യുന്ന രീതിയെ അദ്ദേഹം അഭിനന്ദിച്ചു. അതേസമയം നിയന്ത്രിത അന്തരീക്ഷത്തിൽ എവിടെ വേണമെങ്കിലും കൃഷി ചെയ്യാൻ സാധിക്കുന്ന ഒന്നാണ് കുങ്കുമ പൂവെന്ന് സുൽത്താൻ ബത്തേരിയിൽ കുങ്കുമപ്പൂവ് കൃഷി ചെയ്യുന്ന ശേഷാദ്രി ആകാശവാണി വാർത്തകളോട് പറഞ്ഞു. രാജ്യത്തിന് ആവശ്യമുള്ളതിന്റെ നൂറിൽ ഒന്ന് പോലും കുങ്കുമപൂവ് ലഭ്യമല്ലെന്നും അതിനാൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള കൃഷി ആവശ്യമാണെന്നും സിവിൽ എൻജിനീയർ കൂടിയായ ശേഷാദ്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.........)

*************************

## മുഖ്യമന്ത്രി

പഹൽഗാം ഭീകര ആക്രമണത്തിൽ കൊല്ലപ്പെട്ട കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രന്റെ വീട് മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. മുന്നോട്ടുള്ള യാത്രയിൽ

RNU TVPM

കേരളം രാമചന്ദ്രന്റെ കുടുംബത്തോടൊപ്പമുണ്ടെന്ന് വ്യക്തമാക്കിയ മുഖ്യമന്ത്രി ആപത്ഘട്ടത്തിൽ മകൾ ആരതി കാണിച്ച ധൈര്യം ദു:ഖകാലത്തെ മറികടക്കാൻ പ്രേരണയാകട്ടെ എന്നും പറഞ്ഞു.

************************

**എൻഐഎ - പഹൽഗാം ആക്രമണം**

ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശത്തെത്തുടർന്ന് പഹൽഗാം ഭീകരാക്രമണ കേസ് ഔദ്യോഗികമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദേശീയ അന്വേഷണ ഏജൻസി ആരംഭിച്ചു. ഭീകരാക്രമണ സ്ഥലത്ത് ക്യാമ്പ് ചെയ്യുന്ന എൻഐഎ സംഘം തെളിവുകൾക്കായുള്ള തിരച്ചിൽ ശക്തമാക്കിയിട്ടുണ്ട്. ബൈസരൻ താഴ്വരയിൽ ആക്രമണത്തിനു ദൃക്സാക്ഷികളായവരെ സംഘം വിശദമായി ചോദ്യം ചെയ്യുകയാണ്. ഫോറൻസിക് വിദഗ്ധരുടെ സഹായത്തോടെ മുഴുവൻ പ്രദേശവും സമഗ്രമായി പരിശോധിക്കുന്നുമുണ്ട്.

************************

**ഡോ. കസ്തൂരിരംഗൻ**

പ്രമുഖ ബഹിരാകാശ ശാസ്ത്രജ്ഞനും, ഐ.എസ്.ആർ.ഒ മുൻ ചെയർമാനും, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ശില്പിയുമായ ഡോ. കെ. കസ്തൂരിരംഗന്റെ സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ ബെംഗളൂരുവിൽ നടന്നു. ഡോ. കൃഷ്ണസ്വാമി കസ്തൂരിരംഗൻ കഴിഞ്ഞ വെള്ളിയാഴ്ചയാണ് അന്തരിച്ചത്. രാമൻ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ പൊതുദർശനത്തിന് വച്ച ഭൗതിക ശരീരത്തിൽ ഗവർണർ താവർചന്ദ് ഗെലോട്ട്, മുഖ്യമന്ത്രി സിദ്ധരാമയ്യ, ഐ.എസ്.ആർ.ഒ ചെയർമാൻ കെ. നാരായണൻ എന്നിവർ അന്ത്യാഞ്ജലി അർപ്പിച്ചു.

************************

**ആകാശവാണി - 75-ാം വാർഷികം**

RNU TVPM

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാാം വാർഷികാഘോഷങ്ങളുടെ സമാപനം നാളെ വൈകുന്നേരം തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കും. ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര സംവിധായകനും, ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി നിർവഹിക്കും. ആന്റണി രാജു എംഎൽ എ അധ്യക്ഷത വഹിക്കും. തിരുവനന്തപുരം ആകാശവാണി പ്രോഗ്രാം മേധാവി വി. ശിവകുമാർ സ്വാഗതം ആശംസിക്കും. സമാപന ചടങ്ങുകളോടനുബന്ധിച്ച് ആകാശവാണിയുടെ ഫോട്ടോ പ്രദർശനവും ടാഗോർ തിയറ്ററിൽ നടക്കും. ഏവരെയും പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നു.

************************

**വി.ശിവൻ കുട്ടി-സഹകരണ സംഘം**

സാമ്പത്തിക സേവനങ്ങൾക്കപ്പുറം സാമൂഹ്യ പുരോഗതിക്കും സഹകരണ സംഘങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് കനകക്കുന്നിൽ നടക്കുന്ന സഹകരണ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലാഭമുണ്ടാക്കുന്നതിന്റെ ആവശ്യകതയിൽ നിന്നല്ല മറിച്ച് സാമ്പത്തിക ശക്തി ജനാധിപത്യവൽക്കരിക്കാനും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് കേരള സഹകരണ പ്രസ്ഥാനമെന്നും മന്ത്രി പറഞ്ഞു.

************************

**കോളറ**

സംസ്ഥാനത്ത് കോളറ മരണം സ്ഥിരീകരിച്ചു. ചികിത്സയിലിരിക്കെ ഈ മാസം 20 ന് തിരുവനന്തപുരം കവടിയാർ സ്വദേശിയായ 63 വയസ്സുകാരനാണ് മരിച്ചത്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് വെബ്സൈറ്റിലാണ് ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നത്.

************************

RNUTVPM

## കാട്ടാനക്കൂട്ടം - കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തായ അയ്യൻകുന്ന് പാലത്തും കടവിൽ ജനവാസ മേഖലയിലിറങ്ങിയ കാട്ടാനക്കൂട്ടം വ്യാപകമായി കൃഷി നശിപ്പിച്ചു. മീൻകുണ്ട് പുഴക്കരയിലൂടെയാണ് ആനകൾ ജനവാസ കേന്ദ്രത്തിലെത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്)

*************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്നത്തെ ആദ്യ മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് 216 റൺസ് വിജയലക്ഷ്യം. നിശ്ചിത ഓവറിൽ മുംബൈ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 215 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ ലഖ്നൗ 11 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 109 റൺസെന്ന നിലയിലാണ്. രാത്രി 07.30 ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

RNU TVPM

*************************

## വനിതാ ക്രിക്കറ്റ്

ശ്രീലങ്കയിൽ നടക്കുന്ന വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് ഒമ്പത് വിക്കറ്റ് ജയം. മഴ മൂലം 39 ഓവറായി ചുരുക്കിയ മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 38.1 ഓവറിൽ 147 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്താകുകയായിരുന്നു. മറുപടി ബാറ്റിങ്ങിൽ 29.4 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ ലക്ഷ്യം കണ്ടു.

*************************

## സസ്പെൻഷൻ - ഫെഫ്ക

ഹൈബ്രിഡ് കഞ്ചാവ് കൈവശം വെച്ചതിനെ തുടർന്ന് കൊച്ചിയിൽ എക്സൈസ് അറസ്റ്റ് ചെയ്ത സംവിധായകരായ ഖാലിദ് റഹ്മാനെയും അഷ്റഫ് ഹംസയെയും ഫെഫ്ക ഡയറക്ടേഴ്സ് യൂണിയൻ സസ്പെൻഡ് ചെയ്തു. കേസ് അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്ന് യൂണിയൻ വാർത്ത കുറിപ്പിൽ അറിയിച്ചു.

*************************

## നിയമസഭാ ദിനാഘോഷം

മാതൃകാപരവും ആരോഗ്യകരവുമായ ചർച്ചകൾ നടക്കുന്ന നിയമസഭയാണ് കേരള നിയമസഭയെന്ന് സ്പീക്കർ എ എൻ ഷംസീർ. നിയമസഭാ ദിനാഘോഷത്തിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിലെ ദേശീയ നേതാക്കളുടെ പ്രതിമകളിൽ സ്പീക്കർ പുഷ്പാർച്ചന നടത്തി. ആഘോഷത്തോടനുബന്ധിച്ച് വ്യാഴാഴ്ച രാവിലെ 10.30 മുതൽ രാത്രി 8 മണി വരെയും പൊതു അവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മണി മുതലും നിയമസഭ മന്ദിരവും നിയമസഭ മ്യൂസിയവും പൊതുജനങ്ങൾക്ക് സന്ദർശിക്കാം.

RNU TVPM

*************************

## കാലാവസ്ഥ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അതേസമയം വ്യാഴാഴ്ച വരെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*

*************

**********************************

RNU TVPM